**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2743** | **22-01-2021 - ൽ മറുപടിയ്ക്ക്**

**എലിഫന്റ് മാനേജ്മെന്റ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി കെ അബ്ദു റബ്ബ് | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആനപരിപാലനത്തിന് ലോകോത്തര നിലവാരത്തിലുള്ള എലിഫന്റ് മാനേജ്മെന്റ് സെന്റർ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ; | (എ) | തിരുവനന്തപുരത്ത് കോട്ടൂരിൽ ആധുനിക സൌകര്യങ്ങളോടുകൂടിയ ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രഖ്യാപനം 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. കിഫ്ബിയിൽ നിന്നും 105 കോടി രൂപ അനുവദിക്കാനും തീരുമാനിച്ചിരുന്നു. 50 ആനകളെവരെ പാർപ്പിക്കാനുള്ള സാകര്യം, കുട്ടിയാനകളെ പരിചരിക്കുന്നതിനുള്ള സൌകര്യം, ആധുനിക വെറ്ററിനറി ആശുപത്രി, ആധുനിക അടുക്കള, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ആന മ്യൂസിയം, ജലാശയങ്ങളുടെ നിർമ്മാണം, സന്ദർശകർക്കുള്ള സൌകര്യങ്ങൾ എന്നിവ ഉൾപ്പെടെ 108. 21 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് 71.92 കോടി രൂപ കിഫ്ബിയിൽ നിന്നും, 17/01/2019-ൽ, അനുവദിച്ചിട്ടുണ്ട്. ഒമ്പത് ആന എൻക്ലോഷറുകൾ, വെറ്ററിനറി ആശുപത്രി, എൻട്രൻസ് പ്ലാസ, അഡ്മിനിസ്ട്രേഷൻ ബിൽഡിംഗ്, റിസർച്ച് ആന്റ് സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ, ആന മ്യൂസിയം, ആനകൾക്ക് ഭക്ഷണമുണ്ടാക്കുന്നതിനുള്ള അടുക്കള, ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ, കഫറ്റേരിയ. ടോയ്ലെറ്റ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. |
| (ബി) | എങ്കിൽ എവിടെയെന്നുള്ള വിശദാംശം വ്യക്തമാക്കുമോ? | (ബി) | തിരുവനന്തപുരത്ത് കോട്ടൂരിൽ ആധുനിക സൌകര്യങ്ങളോടുകൂടിയ ആന പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രഖ്യാപനം 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. കിഫ്ബിയിൽ നിന്നും 105 കോടി രൂപ അനുവദിക്കാനും തീരുമാനിച്ചിരുന്നു. 50 ആനകളെവരെ പാർപ്പിക്കാനുള്ള സാകര്യം, കുട്ടിയാനകളെ പരിചരിക്കുന്നതിനുള്ള സൌകര്യം, |

| | | | |
|---|---|---|---|
| | | | ആധുനിക വെറ്ററിനറി ആശുപത്രി, ആധുനിക അടുക്കള, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ആന മ്യൂസിയം, ജലാശയങ്ങളുടെ നിർമ്മാണം, സന്ദർശകർക്കുള്ള സൌകര്യങ്ങൾ എന്നിവ ഉൾപ്പെടെ 108. 21 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് 71.92 കോടി രൂപ കിഫ്ബിയിൽ നിന്നും, 17/01/2019-ൽ, അനുവദിച്ചിട്ടുണ്ട്. ഒമ്പത് ആന എൻക്ലോഷറുകൾ, വെറ്ററിനറി ആശുപത്രി, എൻടൻസ് പ്ലാസ, അഡ്മിനിസ്ട്രേഷൻ ബിൽഡിംഗ്, റിസർച്ച് ആന്റ് സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ, ആന മ്യൂസിയം, ആനകൾക്ക് ഭക്ഷണമുണ്ടാക്കുന്നതിനുള്ള അടുക്കള, ഹോസ്റ്റലുകൾ, ക്വാർട്ടേഴ്സുകൾ, കഫറ്റേരിയ. ടോയ്‌ലെറ്റ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ